**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3578 — 20.06.2018 ൽ മറുപടിക്ക്

# കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ; | (എ) 19.08.2016 ലെ സ.ഉ.(സാധാ) നം.2304/16 തീയതി 19.08.2016 പ്രകാരം ഒ.പി.ബ്ലോക്കിന്റെ പുതിയ കെട്ടിടത്തിന് 37 ലക്ഷം രൂപയുടെ ഭരണാനുമതി ബഹു.എം.എൽ.എ ശ്രീ.പ്രദീപ്കുമാറിന്റെ ആസ്തി വികസന ഫണ്ട് പ്രകാരം നൽകിയിട്ടുണ്ട്. 2017-18 ലെ മോഡണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ അണ്ടർ ഡി.എച്ച്.എസ് എന്ന പ്ലാൻ സ്കീമിൽ 10.07.2017 ലെ സ.ഉ. (സാധാ).1923/17/ആ.കു.വ. പ്രകാരം 599.644 ലക്ഷം രൂപ വിവിധ ആശുപത്രികൾക്കായി അനുവദിച്ചതിൽ കോഴിക്കോട് ബീച്ച് ആശുപത്രിയുടെ ഇലക്ട്രിക്കൽ വർക്കിനായി 1.62 ലക്ഷം രൂപയും, സിവിൽ വർക്കിനായി 13.71 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. ടി ഇക്ക തുടർ പ്രവർത്തികൾ നടപ്പിലാക്കാനായി പി.ഡബ്ല്യൂ.ഡി.യ്ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ കാത്ത് ലാബ് ഉടങ്ങുന്നതിന് 11 കോടി രൂപ അനുവദിക്കുകയും ആശുപത്രിയുടെ സമഗ്ര വികസനത്തിന് DPR തയ്യാറാക്കുവാൻ INKEL എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ 10.09.2016 ലെ സ.ഉ.(സാധാ) 2213/16/ആ.കു.വ. പ്രകാരം കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ക്യാന്റീൻ ബ്ലോക്ക് നിർമ്മാണത്തിന് 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയെ 22.04.2017 ലെ ജി.ഒ(പി) നം.58/2017/ആ.കു.വ പ്രകാരം ജില്ലാതല ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവിടെ 23.09.2017 ലെ സ.ഉ.(സാധാ) 136/17/ആ.കു.വ. പ്രകാരം ഫോറൻസിക് സർജൻ-1, റേഡിയോ ഡയഗ്നോസിസ് (ജൂനിയർ കൺസൾട്ടന്റ്) 1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഡയാലിസിസ് ടെക്നീഷ്യൻ-3, എക്സ്റേ അറ്റൻഡർ-1, മെഡിക്കൽ റിക്കോർഡ് അറ്റൻഡർ-1, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |